# സുന്ദരൻ കാക്കയും കേമൻ പരുന്തും



ദുരാഗ്രഹിയായ സുന്ദരൻ കാക്കയും പരാക്രമിയായ കേമൻ പരുന്തും ഉറ്റ ചങ്ങാതിമാരാണ്.

ഒരു ദിവസം കുന്നിൻ ചെരുവിൽ ഒരു പോത്ത് അവശനായി കിടക്കുന്നത് സുന്ദരൻ കാക്ക കാണുവാനിടയായി. ഉടൻ അവൻ മൊബൈലെടുത്ത് ഞെക്കി.

“ഹലോ കേമഞ്ചേട്ടനല്ലേ?.... ഇത് സുന്ദരനാണേ... ചേട്ടനി

▶▶ ബജേന്ദ്രിപലാണ് എവറസ്റ്റ് കീഴടക്കിയ ആദ്യ വനിത.

# രാജ്യങ്ങളുടെ പഴയ പേരുകളും പുതിയ പേരുകളും

| | |
|---|---|
| സിലോൺ | ശ്രീലങ്ക |
| ബർമ | മ്യാന്മർ |
| സയാം | തായ്‌ലാന്റ് |
| കാത്തേ | ചൈന |
| അബിസീനിയ | എത്യോപ്യ |
| ബട്ടാവിയ | ജക്കാർത്ത |
| മലയ | മലേഷ്യ |
| മെസപൊട്ടോമിയ | ഇറാഖ് |
| പേർഷ്യ | ഇറാൻ |



– എം.കെ

പ്പോൾ എവിടെയുണ്ട്?...''

''ഹലോ...... ഞാൻ കുക്കുടു മലക്കു മുകളിൽ നിരീക്ഷണത്തിലാണ്. ഇതുവരേം ഒന്നും ഒത്തില്ലടേ.... ഇന്നത്തെ കണി മോശം!''

മറുതലക്കൽ നിന്ന് കേമൻ പരുന്ത് അറിയിച്ചു.

''എന്നാ വെള്ളാരം കുന്നിന്റെ താഴ്‌വാരത്തേക്കു പോരേ.'' സുന്ദരൻ കാക്ക ക്ഷണിച്ചു.

''എന്താടേ... വല്ല കോളും ഒത്തോ?''

കോമൻ പരുന്തിന് ആകാംക്ഷയായി.

''ചൂടുള്ള പോത്തിറച്ചി തിന്നാം. ഷടേന്ന് വരീൻ.'' സുന്ദരൻ കാക്ക തിരക്കു കൂട്ടി.

കേമൻ പരുന്ത് ജറ്റു വിമാനം കണക്കെ വെള്ളാരം കുന്നിന്റെ നെറുകയിൽ പറന്നിറങ്ങി.

''നോക്ക് ചേട്ടാ, അതാണിര!''

സുന്ദരൻ കാക്ക പോത്തിനെ ചൂണ്ടി പറഞ്ഞു.

''ജീവനുണ്ടല്ലോടേ?''

കേമൻ പരുന്ത് പോത്തിനെ വലംവെച്ചിട്ട് സംശയിച്ചു.

▶▶ എറിക് വെയ്ൻ മെയറാണ് എവറസ്റ്റ് കീഴടക്കിയ കാഴ്ചയില്ലാത്ത ആദ്യ വ്യക്തി.

“ചേട്ടൻ ആഞ്ഞ് രണ്ട് കൊത്തങ്ങ് പാസാക്ക്. പോത്ത് കാഞ്ഞോളൂന്ന്...”

സുന്ദരൻ കാക്ക പ്രേരിപ്പിച്ചു.

“ശവം തിന്ന് തിന്ന് മടുത്തെടേ! നീ വിളിച്ചത് നന്നായി.”

“ജീവനുള്ള ഇറച്ചിക്ക് നല്ല സ്വാദാണ്! ചേട്ടൻ തുടങ്ങിക്കോ..”

കേമൻ പരുന്ത് പോത്തിന്റെ പള്ള നോക്കി കൊത്താൻ തുനിഞ്ഞതേയുള്ളൂ. അപ്പോൾ ഒരു കാറിന്റെ ഇരമ്പൽ.

കേമൻ പരുന്തും സുന്ദരൻ കാക്കയും ഞെട്ടി! അവർ ഭീതിയോടെ നോക്കി.

കുറച്ചകലെ ഒരു കാർ വന്ന് നിന്നു. ഡോർ തുറന്ന് വെളുത്ത ഓവർകോട്ടിട്ട ഒരാൾ ഇറങ്ങി. പിന്നാലെ തോൽപ്പെട്ടി തൂക്കിയ സഹായി. അവസാനം കർഷകൻ.

മൂവരും പോത്തിനു നേരെ തിടുക്കത്തിൽ വരവായി. സുന്ദരൻ കാക്കയും കേമൻ പരുന്തും പെട്ടെന്ന് അകലെയുള്ള മാവിലേക്ക് പറന്നു. പിന്നെ അങ്കലാപ്പോടെ നോക്കിയിരുപ്പായി.

സഹായി ബാഗ് താഴെ വെച്ച് പോത്തിന്റെ കൊമ്പുകളിൽ പിടിച്ചു. ഓവർ കോട്ടിട്ടയാൾ കണ്ണുകൾ പരിശോധിച്ചു. വയറ്റത്ത് കൈവെ



▸▸ എവറസ്റ്റ് കീഴടക്കിയ ഏറ്റവും പ്രായം കുറഞ്ഞ പർവതാരോഹകൻ- മിൻഗ് കിപ.

ച്ച് ഞെക്കി. പോക്കറ്റിൽ നിന്ന് സ്തെതസ്ക്കോപ്പെടുത്തു നാഡിമിടിപ്പ് പരിശോധിച്ചു.

ഒടുവിൽ പെട്ടെന്ന് എഴുന്നേറ്റ് നടപ്പായി. സഹായി ബാഗെടുത്ത് പിന്തുടർന്നു. കർഷകൻ നെഞ്ചത്തടിച്ചു വിലപിച്ചു. കൈകൾ രണ്ടും തലക്ക് കൊടുത്ത് സങ്കടപ്പെട്ടു. അവസാനം പോത്തിനെ സാവധാനം വലംവെച്ച് മറ്റുള്ളവരെ അനുഗമിച്ചു.

കാർ മടങ്ങിപ്പോകുന്നത് കണ്ടപ്പോൾ മാവിലിരുന്ന ചങ്ങാതിമാർ സന്തോഷിച്ചു. അവർ നൊടിയിട കൊണ്ട് പോത്തിനടുത്തെത്തി.

“ചേട്ടാ പോത്തു കാഞ്ഞ ലക്ഷണമാണ്!”

സുന്ദരൻ കാക്കക്ക് സന്തോഷം.

“കാഞ്ഞാലും കാഞ്ഞില്ലേലും എന്റെ കുടൽ കരിയാണ്!”

പറന്നു വന്ന ചിന്നൻ കാക്ക തടസ്സം പറഞ്ഞു.

“എന്താടോ?”

സുന്ദരൻ കാക്കക്ക് ദേഷ്യം സഹിച്ചില്ല.

കേമൻ പരുന്ത് പുച്ഛത്തോടെ ചിന്നൻ കാക്കയെ തറപ്പിച്ച് നോക്കി.

“സുന്ദരഞ്ചേട്ടാ പാമ്പ് കടിയേറ്റ പോത്താണ്! തിന്നാൻ കൊള്ളുകേല! കർഷകൻ പോത്തിനെ കുഴിച്ചിടാൻ ആളെ തെരഞ്ഞു നടപ്പുണ്ട്!”

ചിന്നൻ കാക്ക അറിയിച്ചു.

“ചിന്നൻ പറേണതു കേട്ടോ ചേട്ടാ?”

സുന്ദരൻ കാക്ക ആശങ്കയിലായി.

“എടാ കൊച്ചനെ, ചത്ത പോത്ത് വിഷമേറ്റതാണോ രോഗം വന്നതാണോ എന്നൊന്നും ഒരു പരുന്തും തെരക്കാറില്ല. ങ്ഹാ! നിനക്ക് ഇറച്ചി വേണമെങ്കിൽ കൂടിക്കോ.”

കേമൻ പരുന്ത് പരിഹാസത്തോടെ പറഞ്ഞു.

അതു കേട്ടതും സുന്ദരൻ കാക്കയുടെ ആശങ്ക പമ്പകടന്നു.

“ഇവൻ ചെറുപ്പമല്ലേ ചേട്ടാ. വിവരമില്ലാതെ പലതും പറയും. കാര്യമാക്കേണ്ടേന്നേ!”

സുന്ദരൻ കാക്കന്യായം പറഞ്ഞു.

കേമൻ പരുന്ത് പോത്തിന്റെ പള്ളക്ക് ആഞ്ഞു കൊത്താൻ തുടങ്ങി.

തോല് പൊളിഞ്ഞ് ഇറച്ചി കണ്ടപ്പോൾ സുന്ദരൻ കാക്കക്ക് കൊതി അടക്കാനായില്ല. അവൻ ഇറച്ചി കൊത്തിത്തുടങ്ങി.

കേമൻ പരുന്ത് കൊത്തികൊത്തി കുടൽ പുറത്തേക്കിട്ടു. അതോടെ തീറ്റയും തുടങ്ങി. ഭയത്തോടെ നോക്കി നിന്ന ചിന്നൻ കാക്ക പറന്നു പോയി.

വൈകുന്നേരം ചിന്നൻ കാക്ക ചേക്കേറാൻ ഞാവൽ മരത്തിലെത്തി.

അവിടത്തെ കാഴ്ച കണ്ട് അവൻ ഞെട്ടി!.. കാക്കകളൊക്കെ ഞാവൽ മരച്ചുവട്ടിൽ കൂടിയിരുന്ന് വിലപിക്കുന്നു!..

സുന്ദരൻ കാക്ക ചത്ത് മലർന്ന് കിടക്കുന്നു!...

“സുന്ദരൻ പോയി ചിന്നാ!”– മുത്തിക്കാക്ക സങ്കടപ്പെട്ടു.

“ആ പരാക്രമി പരുന്തുമായിട്ടായിരുന്നല്ലോ കൂട്ടു കെട്ട്!”

ചിന്നൻ കാക്ക നെടുവീർപ്പിട്ടു.

**പട്ടണക്കാട് അബ്ദുൽഖാദർ**